# വെളിപ്പാട് പുസ്തക പഠനം - 22

# മരണത്തിന്റെയും പാതാളത്തിന്റെയും

# താക്കോൽ ഉള്ളവൻ

ഡോ. സി.വി.ആൻഡ്രൂസ്

**അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാല്ക്കൽ വീണു. അവൻ വലങ്കൈ എന്റെ മേൽ വച്ചു. ഭയപ്പെടേണ്ട, ഞാൻ ആധ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു (വാക്യം 17)**

## അവന്റെ കാല്ക്കൽ വീണു

അന്ത്യ അത്താഴ സമയത്ത് യേശുവിന്റെ മാർവ്വിൽ ചാരിയിരുന്ന യോഹന്നാൻ ഇപ്പോൾ തേജസ്ക്കരിക്കപ്പെട്ട ദൈവപുത്രന്റെ കാൽക്കൽ മരിച്ചവനെപ്പോലെ വീണുകിടക്കുന്നു. ഇതിനോടകം ഏകദേശം 65 വർഷം ദൈവത്തോട് കൂടെ നടന്ന്, സുവിശേഷത്തിന് വേണ്ടി ശക്തിയോടെ നിലകൊണ്ട് വിശുദ്ധനായി ജീവിച്ചവനാണ് യോഹന്നാൻ. എന്നിട്ടും അവന് ദൈവസന്നിധിയിൽ നിവർന്നുനില്ക്കുവാൻ കഴിഞ്ഞില്ല. കർത്താവിനെ ഏറ്റവും കൂടുതൽ അറിഞ്ഞവനാണ് ദൈവത്തെ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത്. കർത്താവിനെ കൂടുതൽ അറിയുന്തോറും അവിടുത്തെ പാദത്തിൽ വീഴുകയും തന്നെത്താൻ താഴ്ത്തുകയും ചെയ്യും. അവന്റെ മഹത്വം നിരന്തരം കണ്ടുകൊണ്ടിരുന്നാൽ നമ്മുടെ തന്നെ സ്വഭാവം നാം മനസിലാക്കുകയും മറ്റുള്ളവരെ വിധിക്കുന്നതു നിർത്തി നാം സ്വയം നമ്മെ വിധിക്കുവാൻ ഇടയാകുകയും ചെയ്യും. അങ്ങനെയായാൽ യോഹന്നാൻ അനുഭവിച്ച ദൈവശക്തിയുടെ സ്പർശനം നമുക്കും അനുഭവിക്കുവാൻ സാധിക്കും.

യേശുവിന്റെ തേജസ്ക്കരിക്കപ്പെട്ട ശരീരം യോഹന്നാൻ കണ്ടപ്പോൾ വീണത് അവന്റെ പാദപീഠത്തിൽ തന്നെയാണ്. കാരണം വീഴുവാൻ കൊള്ളുന്ന പാദങ്ങൾ യേശുവിന് മാത്രമേയുള്ളൂ എന്ന് യോഹന്നാനറിയാം. പഴയനിയമപ്രവാചകന്മാർക്ക് പലർക്കും ഇതേ അനുഭവം ഉണ്ടായിട്ടുണ്ട്. യെഹസ്ക്കേൽ യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത കണ്ട് പലപ്രാവശ്യം കവിണ്ണുവീണു. യെഹസ്ക്കേൽ 1:28, 3:23, 44:4) യെശയ്യാവ് ദൈവാലയത്തിൽ ദൈവത്തിന്റെ മത്വം കണ്ട് ''എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ'' എന്ന് പറയുന്നു. (യെശയ്യാവ് 6:5) ''ദാനിയേൽ എന്ന ഞാനോ, എന്റെ വിചാരങ്ങളാൽ അത്യന്തം പരവശനായി. എന്റെ മുഖഭാവവും മാറി''. (ദാനിയേൽ 7:28) ''ഞാൻ ഭയപ്പെട്ട് സാഷ്ടാംഗം വീണു''. (ദാനിയേൽ 8:17) ''ഞാൻ മുഖം കുനിച്ച് ഊമനായി തീർന്നു'' (ദാനിയേൽ 10:15)

## അവന്റെ കാൽക്കൽ വീണവർ

1. ശൗൽ (അപ്പോസ്തല പ്രവൃത്തികൾ 9:3,4)

2. ജാതീയ സ്ത്രീ (മർക്കോസ് 7:25,26)

3. പാപിനിയായ സ്ത്രീ (ലൂക്കോസ് 7:38, 36)

4. പള്ളിപ്രമാണി (മർക്കോസ് 5:22)

5. ഭൂതഗ്രസ്തൻ (ലൂക്കോസ് 8:28, 35)

6. ബെഥാന്യയിലെ മറിയ (യോഹന്നാൻ 11:32)

## അവന്റെ വലങ്കൈ എന്റെ മേൽ വച്ചു

യേശു തന്റെ വലങ്കൈ യോഹന്നാന്റെ മേൽ വച്ചു. അധികാരവും ശക്തിയും അണിയിക്കുന്നതിന്റെ പ്രതീകമാണിത്. ദൈവത്തിന്റെ മഹത്വം കൺട് ബോധം കെട്ടവനായ യോഹന്നാനെ യേശു തന്റെ ആണിപ്പഴുതുള്ള വലങ്കൈയ്യാൽ തൊട്ടു. ശക്തനായവന്റെ വലങ്കരം, വിശുദ്ധന്മാരെ വഹിക്കുന്ന കരം അപ്പോസ്തലന്റെ മേൽ കൈവച്ചു. ''യഹോവയുടെ വലങ്കൈ വീര്യം പ്രവർത്തിക്കുന്ന കൈകളാണ്. നിന്റെ വലങ്കൈ എന്നെ രക്ഷിക്കുമെന്ന്'' 138 ാം സങ്കീർത്തനം 7 ാം വാക്യത്തിൽ പറയുന്നു. ഇത് നമ്മുടെ രക്ഷയുടെ ഉറപ്പിനെ കാണിക്കുന്നു. ദാനിയേലിനെ തൊട്ടപ്പോൾ, മുഴങ്കാലും ഉള്ളങ്കൈയും ഊന്നി വിറയലോടെ നിൽക്കുമാറാക്കി. (ദാനിയേൽ 10:8–10) യേശു തൊട്ടപ്പോൾ കുഷ്ഠം മാറി (മത്തായി 8:3) പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും തൊട്ടപ്പോൾ ഭയം മാറി. (മത്തായി 17:6,7) മരിച്ചവർ ജീവിക്കുന്നു (ലൂക്കോസ് 7:13,14) ദേശം ഉരുകുന്നു (ആമോസ് 9:5). ഇവിടെ പത്മോസ് ദ്വീപിൽ ഏകനായി കിടന്ന യോഹന്നാനെയും യേശു തൊട്ട് ധൈര്യപ്പെടുത്തുന്നു. ഈ മഹത്സ്വരൂപനെ നമുക്കും ദർശിക്കാം. തിരുമുമ്പിൽ വീണ് അവനെ നമസ്ക്കരിക്കാം. അവന്റെ വലങ്കൈയുടെ സ്പർശനം നാമും ഏല്ക്കട്ടെ.

## ഭയപ്പെടേൺട

കർത്താവ് ഈ ലോകത്തിൽ ആയിരുന്നപ്പോൾ പലരോടും ഇങ്ങനെ പറഞ്ഞിട്ടുൺട്. (മത്തായി1 14:27, മത്തായി 17:7, മർക്കോസ് 6:50) യേശു ആവർത്തിച്ചിരുന്ന രൺട് വാക്കുകൾ 'അനുഗമിക്കുക', 'ഭയപ്പെടേൺട' എന്നിവയായിരുന്നു. അവിടുന്ന് അതേവാക്കുകൾ തന്നെയാണ് ഇന്നും നമ്മോട് ഫറയുന്നത്. ഇവിടെ ആധികാരികമായും വിശ്വാസയോഗ്യമായും ഭയപ്പെടേൺട എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു. ഭയപ്പെടേൺട എന്ന ദൈവീക വാഗ്ദത്തം ബൈബിളിൽ 366 പ്രാവശ്യം പറഞ്ഞിരിക്കുന്നു. വർഷത്തിൽ ഫെബ്രുവരി മാസത്തിന് സാധാരണയായി 28 ദിവസങ്ങൾ മാത്രം ഉള്ളപ്പോൾ ആൺടിന് 365 ദിവസങ്ങളും 29 ദിവസങ്ങൾ ഉള്ളപ്പോൾ 366 ദിവസങ്ങളും ഉൺടാകാറുൺട്. ഒരു ദൈവപൈതലിന് ഓരോ ദിവസത്തേക്കും ഉള്ള ദൈവീക സന്ദേശമാണ് ഭയപ്പെടേ എന്നത്. 365 ദിവസം മാത്രമുള്ള വർഷത്തിലും ഭയപ്പെടേൺട എന്ന് ദൈവം പറയുന്നു. ഫെബ്രുവരിക്ക് 29 ദിവസം ഉള്ളപ്പോഴും നമുക്ക് ഭയപ്പെടേൺടതില്ല. ''നീ ഭയപ്പെടേൺട, ഞാൻ നിന്നോട് കൂടെയുൺട്, ഭ്രമിച്ചു നോക്കേൺട, ഞാൻ നിന്റെ ദൈവമാകുന്നു, ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലങ്കൈ കൊൺട് നിന്നെ ഞാൻ താങ്ങും''. (യെശയ്യാവ് 41:10, ഉല്പത്തി 26:24)

ശിഷ്യന്മാർ പടകിൽ യാത്ര ചെയ്യുമ്പോൾ തിരമാലകളും കൊടുങ്കാറ്റും പടകിനെ മുങ്ങുമാറാക്കിയപ്പോൾ അവർ ഭയപ്പെട്ട് നിലവിളിച്ചു. അപ്പോൾ കർത്താവ് പറയുന്നു. ''ഭയപ്പെടേൺട, ഞാൻ ആകുന്നു'' (മത്തായി 14:25,26) ''ഞാൻ ആകുന്നവൻ ഞാൻ ആകുന്നു'' എന്ന് മോശെയോട് പറഞ്ഞ് ധൈര്യപ്പെടുത്തിയ കർത്താവ് തന്നെ ഇവിടെ ശിഷ്യന്മാരോട് അതേ വാക്കുകൾ ഉച്ചരിക്കുന്നു. ഭയപ്പെടേൺട എന്നത് സകലഭക്തന്മാരോടുമുള്ള സന്ദേശമാണ്.

## ആദ്യനും അന്ത്യനും

''ഞാൻ ആദ്യനും അന്ത്യനും ആകുന്നു'' എന്ന് പിതാവാം ദൈവം അരുളിച്ചെയ്യുന്നു. (യെശയ്യാവ് 41:4, 44:6, 42:12) അതേ വാക്കുകൾ യേശുക്രിസ്തുവും അരുളിച്ചെയുന്നു. പിതാവിനോട് സമത്വമുള്ളവനും സാരാംശത്തിൽ ഏകമായിരിക്കുന്നവനും നിത്യാസ്തിക്യമുള്ളവനുമാണ് ക്രിസ്തു എന്ന് ഈ പ്രസ്താവന വെളിപ്പെടുത്തുന്നു. ആരംഭത്തിൽ തന്നെ അവസാനവും അറിയുന്നവനാണ് ദൈവം. ആരംഭത്തിന് മുമ്പ് തന്നെ അവിടുന്ന് ഉൺടായിരുന്നു. അവസാനത്തിന് ശേഷവും ഉൺടായിരിക്കും. പിതാവായിരിക്കുന്ന അതേ അളവിൽ പുത്രനും ദൈവമാണ്. യെഹൂദന്മാരും റോമൻ പടയാളികളും അവസാനം അവനെ കൺടത് മരിച്ചവനായിട്ടാണ്. എന്നാൽ അവർ അവനെ അടക്കിയ കല്ലറയിൽ അവനില്ല. അവൻ ജീവൻ പ്രഖ്യാപിച്ച് പുറത്തുവന്നു എന്ന് ലോകത്തെ അറിയിക്കുന്ന ഒരു പ്രഖ്യാപനമായിരുന്നു അത്. അവിടുന്ന് നിത്യനാണ്, നിത്യത മുതൽ നിത്യത വരെയുള്ളവനാണ്. ആദ്യനും അന്ത്യനും എന്ന പദപ്രയോഗം ക്രിസ്തുവിന്റെ നിത്യാവസ്ഥയെ കാണിക്കുന്നു. ആരംഭവുമില്ല, അവസാനവുമില്ല, അവനാണ് നമ്മുടെ ക്രിസ്തു.

''ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നേക്കും ജീവിചിചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുൺട്'' (വാക്യം 18)

## മരിച്ചവനായിരുന്നു വീൺടും ജീവിക്കുന്നവൻ

പുനഃരുത്ഥാനത്തിന്റെ പ്രത്യാശ നൽകുന്ന ഒരു വിളംബരം ആണിത്. പിതാവാം ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചതു പോലെ തന്റെ ശക്തിയാൽ നമ്മെയും ഉയിർപ്പിക്കും. (റോമർ 8:11) ക്രിസ്തുവിന്റെ മരണത്തിലുള്ള ജയവും പുനഃരുത്ഥാനവും നമുക്ക് വളരെ ധൈര്യവും ആശ്വാസവും തരുന്നു. കർത്താവ് ഉയിർത്തെഴുന്നേറ്റത് കൊൺട് നാമും ഉയിർത്തെഴുന്നേല്ക്കും എന്നത് ഉറപ്പാണ്. (1 കൊരിന്ത്യർ 15:16) ''ക്രിസ്തു നിദ്ര കൊൺടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റിരിക്കുന്നു''. (1 കൊരിന്ത്യർ 15:20) ''ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നു'' എന്ന് കർത്താവ് യോഹന്നാനോട് പറഞ്ഞപ്പോൾ നീ ശാരീരികമായി മരിച്ചാൽ മരണത്തിനധീനമല്ലാത്ത ശരീരത്തോട് തേജസ്സിൽ ഉയിർത്ത് എന്നേക്കും ജീവിക്കും എന്ന ദൂത് അറിയിച്ച് യോഹന്നാനെ ധൈര്യപ്പെടുത്തിയിരിക്കുന്നു. ക്രൂശിൽ വച്ച് മരിച്ചുവെന്ന് തിട്ടപ്പെടുത്തി യോസേഫിന്റെ കല്ലറയിൽ സംസ്ക്കരിക്കപ്പെട്ട കർത്താവ് ഉയിർത്തെഴുന്നേല്ക്കാതിരിക്കാനുള്ള എല്ലാ ശ്രമങ്ങളും അതിശക്തമായിട്ടുൺടായി എങ്കിലും സകല പ്രതിബന്ധങ്ങളെയും പാടേ തകർത്തുകൊൺട് ഉയിർത്തെഴുന്നേറ്റ യേശു വിജയശ്രീലാളിതനായി സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത് പിതാവിന്റെ വലഭാഗേ ഇന്നും ജീവിക്കുന്നു.

മാനവജാതിക്ക് വേൺടി മൂന്ന് ആണികളാൽ ക്രൂശിൽ തറയ്ക്കപ്പെട്ട യേശുവിന്റെ വ്യഥകളെ യോഹന്നാൻ നേരിൽ കൺടതാണ്. യേശു സഹിച്ച പീഢനങ്ങൾമൂലം അവിടുത്തെ ''കൺടാൽ ആളല്ല എന്ന് തോന്നുമാറ്'' വിരൂപമാക്കപ്പെട്ട ക്രിസ്തു ഉറച്ച് നിലവിളിയോടെ പ്രാണനെ വിടുകയും ചെയ്തപ്പോൾ യോഹന്നാൻ ക്രൂശിന്റെ ചുവട്ടിൽ ഉൺടായിരുന്നു. ഒരു പൂർണ്ണമനുഷ്യൻ എന്നുള്ള രീതിയിൽ താൻ മരിക്കേൺടതുൺട്. എന്നാൽ യേശു പൂർണ്ണദൈവമാകയാൽ ദ്രവത്വം കാണാതെ തിരുവെഴുത്തുകളിൽ പ്രകാരം ഉയിർത്തെഴുന്നേറ്റു. ആകയാൽ നമുക്ക് വളരെ പ്രത്യാശ നൽകുന്ന വിളംബരമാണ് ഞാൻ മരിച്ചവനായിരുന്നു, എന്നാലിതാ എന്നേക്കും ജീവിച്ചിരിക്കുന്നു എന്നുള്ളത്.

## മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ ഉള്ളവൻ

മരണത്തിന്റെയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശമുൺട് എന്ന പ്രസ്താവനയിൽ മരണത്തിന്റെയും പാതാളത്തിന്റെയും മേൽ കർത്താവിനുള്ള അധികാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. താക്കോൽ അധികാരത്തെ കാണിക്കുന്നു. (യെശയ്യാവ് 22:22, വെളിപ്പാട് 3:7, 9:1, 20:1) മരണത്തെയും പാതാളത്തെയും അവൻ ജയിച്ചിരിക്കുന്നു എന്നർത്ഥം. ക്രിസ്തുവിന്റെ രക്തത്താൽ വീൺടെടുക്കപ്പെട്ട ഒരു വ്യക്തിക്ക് മരണഭയമുൺടാകുവാൻ പാടില്ല. ''മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി മരണഭീതിക്കടിമയായിരുന്നവരെ ഒക്കെയും വിടുവിച്ചു'' (എബ്രായർ 2:1). കർത്താവിന്റെ കൈയ്യിൽ നിന്നും വരുന്ന മരണത്തെ കൺട് സന്തോഷിക്കുകയാണ് ഒരു ദൈവപൈതൽ ചെയ്യേൺടത്. കർത്താവ് തന്നെയാണ് മരണത്തിന്റെ താക്കോൽ വഹിച്ചിരിക്കുന്നത്. മരണം കൊൺട് ലോകത്തിൽ നിന്നും മാറ്റപ്പെടുന്ന ഓരോ ഭക്തന്റെയും മരണം യഹോവയ്ക്ക് വിലയേറിയാതാകയാൽ മഹത്വം നിറഞ്ഞ നിത്യതയിൽ അവർക്ക് നല്ല സ്വീകാരം ലഭിക്കും. ''മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു''. (യോഹന്നാൻ 5:25–29) ഒരു ഭക്തന് മരണാന്തരമുള്ള നിത്യജീവനാണ് ഏറ്റവും വലിയ പ്രത്യാശ. അത് കൊൺട് പ്രത്യാശയില്ലാത്ത മറ്റുമനുഷ്യരെപ്പോലെ മരണത്തെ ഓർത്ത് അവർ വ്യാകുലപ്പെടാറില്ല. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കൈവശമുള്ളവനെ കൺടെത്തിയ വീൺടെടുക്കപ്പെട്ട ദൈവമക്കൾക്ക് ഒരു കാരണവശാലും മരണ ഭയം ഉൺടാകുവാൻ പാടില്ല. മരണത്തിനും പാതാളത്തിനും വാതിലുൺട്. (സങ്കീർത്തനം 9:13, 107 : 18, യെശയ്യാവ് 33:10) ഇതിന്റെയെല്ലാം താക്കോൽ കർത്താവിന്റെ പക്കൽ ആണ്. അവൻ ദാവീദിന്റെ താക്കോലുള്ളവനാണ്. ഈ താക്കോൽ ദാവീദിന്റെ സന്തതിയായ മശിഹായുടെ രാജകീയാധികാരമാണ് (യെശയ്യാവ് 22:22)

1. നീതിമാന് മരണത്തിലും പ്രത്യാശയുൺട്. (സദൃശ്യം 14:32)

2. മരണം ഒരു നിദ്രയാകുന്നു. (1തെസ്സലോനിക്യർ 4:13)

3. മരണം അത്യുത്തമമാണ് (ഫിലിപ്പ്യർ 1:23)

4. കർത്താവിൽ മരിക്കുന്നവർ ഭാഗ്യവാന്മാർ (വെളിപ്പാട് 14:13)

5. നീതിമാന്റെ മരണം വിലയേറിയത് (സങ്കീർത്തനം 116:15)

6. മരണം ഒരു വിശ്രമമാണ്. (ദാനിയേൽ 12:13)

7. മരിച്ചാലും പുനരുത്ഥാനം ലഭിക്കും (യോഹന്നാൻ 5:25–29)

ദൈവം നിയമിച്ച സമയത്തിന് മുമ്പെ നമ്മൾ മരിക്കുക അസാദ്ധ്യമാണ്. മരണത്തിന്റെ വാതിൽ തള്ളിത്തുറന്ന് അതിലൂടെ നമ്മെ തന്റെ സന്നിധിയിലേക്ക് ചേർക്കുവാൻ സമയമായെന്ന് യേശു തീരുമാനിക്കുന്നത് വരെ ഒരു അപകടത്തിനും രോഗാണുവിനും നമ്മുടെ ജീവനപഹരിക്കുവാൻ കഴുയുകയില്ല. കർത്താവിന്റെ കൈയ്യിലാണ് മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്നതാണ് ഒരു ദൈവപൈതലിന്റെ ഏറ്റവും വലിയ ധൈര്യം.

ഒരിക്കൽ മരണത്തിന്റെ അധികാരി സാത്താനായിരുന്നു. (എബ്രായർ 2:14,15) യേശു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റപ്പോൾ അവിടുന്ന് ആ താക്കോലുകൾ സാത്താന്റെ പക്കൽ നിന്നും എടുത്തു. ക്രിസ്തു മരണത്തെ ഇല്ലാതാക്കി, പാതാളയങ്ങളെ ജയിച്ചു. ''ഹേ, മരണമേ, നിന്റെ ജയം എവിടേ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം'' (1 കൊരിന്ത്യർ 15:55–57) ''സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു'' എന്ന് യേശു പറഞ്ഞു. (മത്തായി 28:18–20) അത് പോലെ ലഭിച്ച അധികാരമാണ് മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ. കർത്താവ് ക്രൂശിൽ മരിക്കുന്നതു വരെ പാതാള പറുദീസയിലായിരുന്നു പഴയനിയമ വിശുദ്ധന്മാർ വിശ്രമിച്ചിരുന്നത്. കർത്താവിന് മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ ലഭിച്ചതോടെ താൻ പാതാളത്തിലേക്കിറങ്ങി മരിച്ച വിശുദ്ധരുടെ ആത്മാക്കളെ സ്വർഗീയ പറുദീസയിലാക്കി. അപ്പോൾ തന്നെ ദുഷ്ടന്മാരുടെ ആത്മാക്കൾ ഇന്നും യാതന അനുഭവിക്കുന്നത് പാതാള യാതനാസ്ഥലത്താണ്. ഇതിന്റെയും താക്കോൽ കർത്താവിന്റെ കൈയ്യിലാണ്. വെളിപ്പാട് 9:1 ലും വെളിപ്പാട് 20:1 –3 ലും കർത്താവ് ഈ താക്കോൽ ഉപയോഗിക്കുന്നതായി കാണാം. മരണം, പാതാളം എന്നീ പദങ്ങൾ വെളിപ്പാട് 6: 8 ൽ ചേർത്തു പറഞ്ഞിരിക്കുന്നു. ഇവ രണ്ടിനെയും കർത്താവിന്റെ വരവിന് ശേഷം തീപ്പൊയ്കയിൽ തള്ളിയിടും. (വെളിപ്പാട് 20:13,14) പാതാളത്തെക്കുറിച്ചുള്ള വിശദീകരണം അടുത്ത ക്ലാസിൽ.